പതിമൂന്നാം കേരളനിയമസഭ
പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1851**

**06.07.2015 ൽ മറുപടിക്ക്**

## സ്കൂൾ പരിസരത്ത് പുകയില ഉൽപ്പന്നങ്ങളുടെ വിൽപ്പന

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.രാജു | ശ്രീ. രമേശ് ചെന്നിത്തല<br>ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി |
| എ) സംസ്ഥാനത്ത് സ്കൂൾ പരിസരം കേന്ദ്രീകരിച്ച് നിരോധിക്കപ്പെട്ടിട്ടുള്ളതും അല്ലാത്തതുമായ പുകയില ഉല്പന്നങ്ങൾ വ്യാപകമായി വിൽക്കപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) വ്യാപകമായി വിൽക്കപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| (ബി) ഇത്തരം പ്രവർത്തനങ്ങൾക്കെതിരെ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ കഴിയുന്നതെന്ന് വ്യക്തമാക്കുമോ; സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (ബി) സ്കൂൾ, കോളേജ് പരിസരങ്ങൾ കേന്ദ്രീകരിച്ച് ലഹരി വസ്തുക്കളുടെ വിൽപ്പന നടത്തുന്നവർക്കെതിരെ കർശന നിയമനടപടികൾ സ്വീകരിച്ചുവരുന്നു. എക്സൈസ് വകുപ്പ്, ആരോഗ്യവകുപ്പ്, സ്കൂൾ പ്രൊട്ടക്ഷൻ ഗ്രൂപ്പ്, സ്റ്റുഡന്റ് പോലീസ് കേഡറ്റ്, അദ്ധ്യാപക-രക്ഷാകർത്തൃ സമിതി, കുടുംബശ്രീ പ്രവർത്തകർ തുടങ്ങിയവരുമായി ബന്ധപ്പെട്ട് ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചും, റെയ്ഡുകൾ നടത്തിയും കുറ്റക്കാരെ കണ്ടെത്തി കർശനമായ നിയമനടപടികൾ സ്വീകരിച്ചും, ലഹരി വസ്തുക്കൾ വിൽപ്പന നടത്തുന്ന സംഘങ്ങളെ നിയന്ത്രിക്കുന്നതിനായി രഹസ്യനിരീക്ഷണം നടത്തി, വിവരങ്ങൾ ശേഖരിച്ചും മുമ്പ് ശിക്ഷിച്ചിട്ടുള്ളവരെ നിരീക്ഷിച്ചും, ക്ലീൻ ക്യാമ്പസ് സേഫ് ക്യാംപസ്, ജനമൈത്രി പോലീസിംഗ് എന്നിവയുടെ ഭാഗമായി ബോധവൽക്കരണ ക്ലാസ്സുകളും സെമിനാറുകളും നടത്തിവരികയും ചെയ്യുന്നു. |
| (സി) സ്റ്റുഡന്റ് പോലീസ് കേഡറ്റുകളുടെ സേവനം ഇത്തരം അനധികൃത വിൽപ്പന കണ്ടെത്തുന്നതിന് ഉപയോഗിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ ; ഇല്ലെങ്കിൽ ആയതിനുള്ള നടപടികൾ സ്വീകരിക്കുമോ? | (സി) സ്കൂൾ പരിസരം കേന്ദ്രീകരിച്ച് നിരോധിക്കപ്പെട്ടിട്ടുള്ളതും അല്ലാത്തതുമായി പുകയില ഉൽപ്പന്നങ്ങളുടെ അനധികൃത വിൽപ്പന കണ്ടെത്തുന്നതിന് സ്റ്റുഡന്റ് പോലീസ് കേഡറ്റുകളുടെ സേവനം ഇപ്പോൾത്തന്നെ ഉപയോഗപ്പെടുത്തിവരുന്നുണ്ട്. |

Rajani. M

സെക്ഷൻ ഓഫീസർ